II.ഇ.ബി. XII--കേരള നിയമസഭ/VI-7

**പന്ത്രണ്ടാം കേരള നിയമസഭ**

ആറാം സമ്മേളനം

**ചോദ്യോത്തരങ്ങൾ-സംഗ്രഹം**

2007 സെപ്റ്റംബർ 12, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

*181,

(പ്രതിപക്ഷാംഗങ്ങളുടെ അവകാശങ്ങൾ നിഷേധിക്കുന്നതിൽ പ്രതിഷേധിച്ച് ചോദ്യോത്തരവേള ബഹിഷ്ക്കരിക്കുന്നതാണെന്ന് ശ്രീ. വി.ഡി. സതീശൻ അറിയിച്ചതിനെത്തുർന്ന് ചോദ്യം നമ്പർ *181, *182 ഉന്നയിക്കപ്പെട്ടില്ല. പ്രതിപക്ഷാംഗങ്ങൾ വായ്മൂടിക്കെട്ടി ബാനറുകളും ഉയർത്തിപ്പിടിച്ചുകൊണ്ട് അവരവരുടെ സീറ്റിൽ ഇരിക്കുന്നുണ്ടായിരുന്നു.)

42 (*183) തടവുകാർക്ക് ശിക്ഷാ ഇളവ്

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) നൽകിയ മറുപടിയിൽ, ഈ സർക്കാർ അധികാരമേറ്റശേഷം 1590 തടവുകാരെ ശിക്ഷാ ഇളവ് നൽകി വിട്ടയച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ജയിൽ ഉപദേശക സമിതി 74 പേരെ വിട്ടയയ്ക്കുവാനാണ് ശുപാർശ ചെയ്തത്. വിട്ടയച്ചവരിൽ 21 വർഷം, 9

മാസം, 13 ദിവസംവരെ ശിക്ഷ അനുഭവിച്ചവരുണ്ട്. കേരള ജയിൽ ചട്ടങ്ങൾ 543 പ്രകാരം, യഥാർത്ഥ ശിക്ഷ 14 വർഷം പൂർത്തിയാക്കിയ ജീവപര്യന്തം തടവുകാരുടേയും മൂന്നിൽ രണ്ടുഭാഗം ശിക്ഷ അനുഭവിച്ച ദീർഘകാല/ഹ്രസ്വകാല തടവുകാരുടേയും കേസുകൾ പരിശോധിച്ചാണ് അവരുടെ മോചനത്തിനായി ജയിൽ ഉപദേശകസമിതി ശുപാർശ ചെയ്യുന്നത്. ജയിൽ ഉപദേശക സമിതി നൽകുന്ന എല്ലാ ശുപാർശകളും അതുപോലെ അംഗീകരിക്കാറില്ല. അവർ വിട്ടയ്ക്കാൻ ശുപാർശ ചെയ്ത 14 വർഷം ശിക്ഷ അനുഭവിച്ചുകഴിഞ്ഞ 27 ജീവപര്യന്തം തടവുകാരിൽ 7 പേരെ വിടുന്നതിന് മാത്രമേ ഗവർണ്ണർ അംഗീകാരം നൽകിയിട്ടുള്ളൂ. ഇക്കാര്യത്തിൽ ഒന്നുകൂടി അഡ്വൈസറി ബോർഡ് ശുപാർശ ചെയ്താൽ അക്കാര്യം ഗവർണ്ണറുടെ ശ്രദ്ധയിൽക്കൊണ്ടുവരുന്നതാണ്. കൂടാതെ ചട്ടം 538, 539 അനുസരിച്ച് മരണം ഉറപ്പായ രോഗികളായ തടവുകാർക്ക് ശിക്ഷ ഇളവുചെയ്തിട്ടുണ്ട്. കേരള സംസ്ഥാനത്തിന്റെ 50-ാം വാർഷികത്തോടനുബന്ധിച്ച് 8.6.2007-ലെ ഉത്തരവു പ്രകാരം തടവുകാർക്ക് താഴെ പറയുംപ്രകാരം ശിക്ഷയിളവ് പ്രഖ്യാപിച്ചു:

| ശിക്ഷയുടെ കാലാവധി | ശിക്ഷയിളവ് |
|---|---|
| 6 മാസത്തിനും 1 വർഷത്തിനുമിടയ്ക്ക് ശിക്ഷ അനുഭവിക്കുന്നവർ | 2 മാസം |
| 1 വർഷത്തിനും 2 വർഷത്തിനും ഇടയ്ക്ക് ശിക്ഷ അനുഭവിക്കുന്നവർ | 3 മാസം |
| 2 വർഷത്തിനും 5 വർഷത്തിനും ഇടയ്ക്ക് ശിക്ഷ അനുഭവിക്കുന്നവർ | 4 മാസം |

| | |
|---|---|
| 5 വർഷത്തിനും 10 വർഷത്തിനും ഇടയ്ക്ക് ശിക്ഷ അനുഭവിക്കുന്നവർ | 5 മാസം |
| 10 വർഷത്തിനു മുകളിൽ ശിക്ഷ അനുഭവിക്കുന്നവർ | 6 മാസം |
| ജീവപര്യന്തക്കാർ | 2 വർഷം |

പരോൾ ഉദാരമാക്കുന്ന കാര്യം സർക്കാരിന്റെ പരിശോധനയിലാണ്. ജയിലിൽ മാന്യമായി പെരുമാറിയെന്ന് റിപ്പോർട്ട് കിട്ടിയ 1502 പേർക്ക് ഇളവ് അനുവദിച്ചിട്ടുണ്ട്. ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള ഇളവ് എല്ലാ തടവുകാർക്കും ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കും. പേരക്കുട്ടികളുടെ വിവാഹത്തിന് പരോൾ അനുവദിക്കാൻ വ്യവസ്ഥ ചെയ്യുന്ന കാര്യം പരിശോധനയിലാണ്. തടവുകാരുടെ ഭാര്യ/ഭർത്താവ് അവരവരുടെ അച്ഛനമ്മമാർ എന്നിവർ മരിക്കുമ്പോൾ പരോൾ അനുവദിക്കുന്നത് സംബന്ധിച്ച് പരോൾ വ്യവസ്ഥ പുതുക്കുന്ന സമയത്ത് ആലോചിക്കുന്നതാണ്. പല മേഖലകളിൽനിന്നും ഉയർന്നുവന്ന പരാതിയുടെ അടിസ്ഥാനത്തിൽ നിലവിലുള്ള പരോൾ വ്യവസ്ഥ പുന:പരിശോധിക്കുന്നതാണ്. ശിക്ഷിക്കപ്പെട്ട തടവുകാർക്ക് മാത്രമേ പരോൾ അനുവദിക്കുകയുള്ളു. വിചാരണ തടവുകാർക്ക് പരോൾ നൽകാൻ സാധിക്കുകയില്ല. വിചാരണ തടവുകാർക്ക് എസ്കോർട്ട് പരോൾ എന്ന സംവിധാനമാണ് നിലവിലുള്ളത്. തടവുകാർക്ക് പരോൾ അനുവദിക്കുന്നത് സംബന്ധിച്ച് ജയിൽ ഉപദേശക സമിതി മുമ്പാകെ ജയിൽ സൂപ്രണ്ട് തെറ്റായ വിവരം നൽകിയതിൽ അന്വേഷണം നടന്നുവരുകയാണ്. ചെയ്യാത്ത കുറ്റത്തിന് ശിക്ഷ അനുഭവിക്കുന്നത് സംബന്ധിച്ച ആക്ഷേപം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടപ്പോൾത്തന്നെ മേലിൽ ഇത്തരത്തിലുള്ള

നടപടിയുണ്ടാകാതിരിക്കാൻ കർശന നിർദ്ദേശം കൊടുക്കുകയും ചില പോലീസുകാരുടെ പേരിൽ നടപടി സ്വീകരിക്കുകയും ചെയ്തു. അനുവദനീയമായിട്ടുള്ളതല്ലാത്ത ഏതെങ്കിലും സാധനങ്ങൾ ജയിലുകളിൽ കൊണ്ടുവന്നിട്ടുണ്ടോയെന്ന് കണ്ടുപിടിക്കുന്നതിന് ഇടയ്ക്കിടെ പരിശോധന നടത്തണമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശനനിർദ്ദേശം നൽകിയിട്ടുണ്ട്.. വിയ്യൂർ സെൻട്രൽ ജയിലിൽ 14 വർഷത്തെ തടവ് ശിക്ഷ കഴിഞ്ഞ തടവുകാർ നടത്തിയ നിരാഹാരസമരം സംബന്ധിച്ച പ്രശ്നത്തിൽ നിയമപരമായി മാത്രമേ ഗവൺമെന്റിന് ഇടപെടാനാകൂ. തടവുകാരുടെ മാനസികപിരിമുറുക്കം കുറച്ചുകൊണ്ടുവരുന്നതിന് ജയിലിൽ വിവധ പരിപാടികൾ ആസൂത്രണം ചെയ്യുന്നുണ്ട്. പ്രസിദ്ധരായ സംഗീതജ്ഞർ സമ്മതിക്കുകയാണെങ്കിൽ അവരുമായി ചർച്ച ചെയ്ത് കലാപരിപാടികൾ സംഘടിപ്പിക്കുന്നതാണ്. ജയിലുകളിൽ യോഗ പരിപാടി ആരംഭിക്കുന്നത് സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കുന്നതാണ്. ജയിലിൽ അച്ചടക്കം തകർക്കുന്ന പരിപാടികൾ സംഘടിപ്പിക്കില്ല. ജീവപര്യന്തം തടവ് എന്നാൽ ജീവിതകാലം മുഴുവൻ ആണെന്ന സുപ്രീംകോടതി വിധി സംബന്ധിച്ച് നിയമപരമായ പരിരക്ഷ നൽകിയാൽ മാത്രമേ അതിൽ ഗവൺമെന്റിന് ഇടപെടാനാകൂ. തടവുകാരോട് അപമര്യാദയായി പെരുമാറുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി ഉണ്ടാകും. ശിക്ഷയുടെ കാലാവധി കഴിഞ്ഞിട്ടും വിട്ടയക്കാൻ കഴിഞ്ഞിട്ടില്ലാത്ത വിചാരണ തടവുകാരുടെ കാര്യം സംബന്ധിച്ച് ഗവൺമെന്റ് കോടതിയുമായി ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം തടവുകാരുടെ വേതനം വർദ്ധിപ്പിച്ച് പരമാവധി 69

രൂപവരെ ഒരു തടവുകാരന് കൊടുക്കാനും അതിന്റെ പകുതി ഭാഗം അവരവരുടെ വീടുകളിലേയ്ക്ക് അയച്ചുകൊടുക്കാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ചെറിയ കുറ്റത്തിന് ശിക്ഷ അനുഭവിക്കുന്നതിനിടെ ജയിൽ അധികൃതരുടെ ഇടപെടൽമൂലം വലിയ കുറ്റവാളിയായി മാറുന്നത് സംബന്ധിച്ച എന്തെങ്കിലും ആക്ഷേപം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടി സ്വീകരിക്കും. സാഹചര്യങ്ങളുടെ സമ്മർദ്ദംമൂലം ചിലർ കുറ്റവാളികൾ ആകാറുണ്ട്. നീണ്ടകാലം ജയിലിൽ കഴിഞ്ഞ് മാനസാന്തരം വന്നവരെ പുനരധിവസിപ്പിക്കുന്നതിന് സോഷ്യൽ വെൽഫെയർ ഡിപ്പാർട്ടുമെന്റിന് ഒരു പദ്ധതിയുണ്ട്. ആ പദ്ധതി വിപുലീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. തടവുകാർക്ക് മാനുഷികപരിഗണന നൽകണമെന്ന ഗവൺമെന്റിന്റെ നിലപാടിനനുസരിച്ച് ഘട്ടംഘട്ടമായ പരിഷ്ക്കരണം നടപ്പാക്കും. ജയിലുകളിൽ തടവുകാരെ പാർപ്പിക്കുന്നതിന് കൂടുതൽ സംവിധാനം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുകയാണ്. പത്തനംതിട്ടയിൽ പുതിയ സെൻട്രൽ ജയിൽ നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സ്ഥലം ലഭ്യമായാൽ പാലക്കാട് സബ് ജയിൽ മാറ്റി സ്ഥാപിക്കാൻ നടപടി സ്വീകരിക്കും. ജയിലുകളിൽ മൊബൈൽ ഫോൺ അനുവദനീയമല്ല. ജയിലുകളിൽ മൊബൈൽ ജാമർ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. കണ്ണൂർ സെൻട്രൽ ജയിലിൽ മൊബൈൽ ജാമർ സ്ഥാപിക്കും. കസ്റ്റഡിയിലെടുത്തവരോട് ഉദ്യോഗസ്ഥർ വിവേചനരഹിതമായി പെരുമാറുന്നുണ്ടെങ്കിൽ അക്കാര്യം പരിശോധിക്കും. വീഡിയോ കോൺഫറൻസിംഗ് സംവിധാനം ജയിലുകളുമായി ബന്ധപ്പെട്ട് കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. ഇത് സംബന്ധിച്ച് നിയമസഭയിൽ ബിൽ അവതരിപ്പിച്ച് അംഗീകാരം ലഭ്യമാക്കും. ജയിലിൽ തടവുകാരുടെ

മാൻപവർ ഉപയോഗപ്പെടുത്തുന്നതിന്റെ ഭാഗമായി ഡയറിഫാംപോലുള്ള പരിപാടികൾ കൊണ്ടുവരുന്നുണ്ട്. ശാസ്ത്രീയമായ രീതിയിലുള്ള ടെക്നോളജിയെ അടിസ്ഥാനമാക്കിയുള്ള ചില സംവിധാനങ്ങൾ ജിയിലിൽ കൊണ്ടുവരാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടെന്ന് ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(ചോദ്യകർത്താവിന്റെ അഭാവത്തിൽ ചോദ്യം നമ്പർ *184 ഉന്നയിക്കപ്പെട്ടില്ല.)

43 (*185) <u>എക്സൈസ് വകുപ്പ് ഉദ്യോഗസ്ഥർക്ക് പരിശീലനം</u>

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ) നൽകിയ മറുപടിയിൽ, എക്സൈസ് ഉദ്യോഗസ്ഥരുടെ പരിശീലനത്തിനായി സ്റ്റേറ്റ് എക്സൈസ് അക്കാഡമി ആന്റ് റിസർച്ച് സെന്റർ എന്ന സ്ഥാപനം തുടങ്ങിയിട്ടുണ്ടെന്നും എന്നാൽ കെട്ടിടം സജ്ജമാകാത്തതിനാൽ പരിശീലനം തുടങ്ങിയിട്ടില്ലെന്നും പകരം തൃശ്ശൂരിലെ കേരള പോലീസ് അക്കാഡമിയിൽ പരിശീലനം നൽകിവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. ഫിസിക്കൽ ട്രെയിനിംഗും എക്സൈസ് നിയമ വിഷയങ്ങളിലുള്ള പഠനവുമാണ് നൽകിവരുന്നത്. ഇതുവരെ 1018 എക്സൈസ് ഗാർഡുമാർക്കും 50 പ്രിവന്റീവ് ഓഫീസർമാർക്കും പരിശീലനം നൽകിക്കഴിഞ്ഞു. കൂടാതെ 9 ബാച്ചുകളിലായി എക്സൈസ് സർക്കിൾ ഇൻസ്സ്പെക്കടർ, എക്സൈസ് ഇൻസ്പെക്ടർ, അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ എന്നീ വിഭാഗങ്ങളിൽപ്പെട്ട 308 എക്സൈസ് ഓഫീസർമാർക്ക് പിസ്റ്റൾ ട്രെയിനിംഗും നൽകിക്കഴിഞ്ഞു. എക്സൈസ് ഗാർഡുമാരുടെയും പ്രിവന്റീവ്

ഓഫീസർമാരുടേയും അടുത്ത ബാച്ച് ട്രെയിനിംഗ് 12.09.2007-ൽ കേരള പോലീസ് അക്കാഡമിയിൽ ആരംഭിക്കുകയാണ്. എക്സൈസ് ഓഫീസർമാർക്ക് 9 ബാച്ചുകളിലായി തൃശ്ശൂർ പോലീസ് അക്കാഡമിയിൽ ആയുധ പരിശീലനം, പിസ്റ്റൾ ട്രെയിനിംഗ് ഇതിനകം നൽകിക്കഴിഞ്ഞു. എക്സൈസ് ഡിപ്പാർട്ടുമെന്റിൽ റൈഫിൾ ഉപയോഗത്തിൽ ഇല്ലാത്തതിനാൽ റൈഫിൾ ട്രെയിനിംഗ് നൽകിയിട്ടില്ല. എക്സൈസ് ഡിപ്പാർട്ടുമെന്റിൽ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള ഒരു നിർദ്ദേശം ഫൈനാൻസ് ഡിപ്പാർട്ടുമെന്റിന് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 278 ജീവനക്കാരെക്കൂടി നിയമിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുകയും പി.എസ്.സി. നിയമനം നടത്താൻ നടപടികൾ പൂർത്തീകരിച്ചുകൊണ്ടിരിക്കുകയുമാണ്. 11 പുതിയ റെയ്ഞ്ച് ഓഫീസുകൾ ആരംഭിച്ചിട്ടുണ്ട്. പുതിയ ജീവനക്കാർ വരുന്നതോടുകൂടി കൂടുതൽ റെയ്ഞ്ച് ഓഫീസുകൾ അനുവദിക്കുന്നകാര്യം പരിഗണിക്കുന്നതാണ്. എക്സൈസ് വകുപ്പിന് 20 പുതിയ ജീപ്പുകളും 30 മോട്ടോർ ബൈക്കുകളും വാങ്ങിയതിനു പുറമേ ആവശ്യം വരുന്ന സന്ദർഭങ്ങളിൽ റെയ്ഡുകൾ നടത്തുന്നതിനും മറ്റും വാഹനങ്ങൾ വാടകയ്ക്ക് എടുക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് മൊബൈൽ ഫോൺ അനുവദിക്കാൻ തീരുമാനിക്കുകയും നടപ്പിലാക്കാൻ തുടങ്ങുകയും ചെയ്തിട്ടുണ്ട്. ഓണത്തിന് ഒരുമാസക്കാലംമുമ്പ് ജില്ലാ/പഞ്ചായത്ത്/റെയ്ഞ്ച്/ നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള കമ്മിറ്റികളും എല്ലാ രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളും തൊഴിലാളി പ്രതിനിധികളും

നോൺ-ഗവൺമെന്റിൽ ഓർഗനൈസേഷൻസിന്റേയും കുടുംബശ്രീ യൂണിറ്റുകളുടേയും അംഗങ്ങളും ഉൾക്കൊള്ളുന്ന കമ്മിറ്റികളും ചേർന്ന് സ്പിരിറ്റ് കള്ളക്കടത്തും കള്ളവാറ്റും തടയുന്നതിന് നടപടി സ്വീകരിച്ചു. ഇക്കാര്യത്തിൽ മറ്റ് സംസ്ഥാനങ്ങളിലുള്ളവരുടെ ഇടപെടൽ തടയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ സാമ്പത്തികവർഷം സ്പിരിറ്റും കള്ളവാറ്റും തടയുന്നതിന് സ്വീകരിച്ച നടപടികൾ സർവ്വകാല റിക്കാർഡായിരുന്നു. വാളയാർ ചെക്ക്പോസ്റ്റ് ശക്തിപ്പെടുത്താനും ആധുനിക സ്കാനർ സ്ഥാപിക്കുന്നതിനുമുള്ള നടപടി പുരോഗമിച്ചുവരുന്നു. സംസ്ഥാനത്തെ എല്ലാ ചെക്ക്പോസ്റ്റുകളും ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. അഴിമതി തടഞ്ഞുകൊണ്ട് എക്സൈസ് ഡിപ്പാർട്ടുമെന്റിനെ ശക്തിപ്പെടുത്തും. തൃശ്ശൂരിൽ സ്റ്റേറ്റ് എക്സൈസ് അക്കാഡമി റിസർച്ച് സെന്ററിന്റെ നിർമ്മാണ പ്രവർത്തനത്തിന് ഈ സാമ്പത്തിക വർഷം ബഡ്ജറ്റിൽ 3.85 കോടി രൂപ ഉൾപ്പെടുത്തുകയും അതിന് അഡ്മിനിസ്ട്രഷൻ സാങ്ഷൻ ലഭിക്കുകയും ചെയ്തു. ടെക്നിക്കൽ സാങ്ഷനുള്ള നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനം ഒന്നുരണ്ടു വർഷത്തിനകം യാഥാർത്ഥ്യമാകും മയക്കുമരുന്നിനും മദ്യാസക്തിക്കുമെതിരെ എല്ലാ ജില്ലകളിലും കുറേയധികം ക്യാമ്പെയ്നുകൾ സംഘടിപ്പിച്ചതിനുപുറമേ ഇതൊരു സാമൂഹ്യ പ്രശ്നമായി കണ്ട് വിപുലമായ ജനകീയ ക്യാമ്പെയ്നുകൾ സംഘടിപ്പിക്കുന്നതാണ്. അബ്കാരി നിയമം കാലാനുസൃതമായി പരിഷ്ക്കരിക്കുന്നതിന് ഒരു വിദഗ്ദ്ധ കമ്മിറ്റി രൂപികരിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. 2006-07-ൽ കഞ്ചാവ് വേട്ടയിൽ സർവ്വകാല റിക്കാർഡുണ്ടാക്കി. പഞ്ചായത്തുകളും തദ്ദേശഭരണ

സ്ഥാപനങ്ങളും മുൻകൈ എടുത്താൽ ധനകാര്യ വകുപ്പിന്റെ സഹായത്തോടെ എക്സൈസ് ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള ഓഫീസുകൾക്ക് സ്വന്തമായ കെട്ടിടങ്ങൾ നിർമ്മിക്കാൻ സാധിക്കുന്നതാണെന്ന് ഒരുപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

44 (*186) <u>വനിതാ പോലീസ് സംവിധാനം</u>

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, കേരള പോലീസ് സർവ്വീസിൽ ഹെഡ് കോൺസ്റ്റബിൾ, കോൺസ്റ്റബിൾ റാങ്കിൽ വനിതകളുടെ 2647 തസ്തികകളുണ്ടെന്ന് സഭയെ അറിയിച്ചു. ഇവയുടെ എണ്ണം വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും വനിതാ പോലീസുകാരുടെ സേവനം ലഭ്യമാണ്. എല്ലാ പോലീസ് സ്റ്റേഷനുകളിലും വനിതാ ഡസ്ക് ആരംഭിക്കുന്ന കാര്യവും എസ്.പി. ഓഫിസിനോടനുബന്ധിച്ചുള്ള സെല്ലുകളുടെ സൗകര്യം വർദ്ധിപ്പിക്കുന്ന കാര്യവും ഗവൺമെന്റിന്റെ പരിഗണനയിലാണ്. അടുത്ത വർഷത്തെ പരിപാടികളിലുൾപ്പെടുത്തി വനിതാ പോലീസ് സെല്ലുകളുടെ പ്രവർത്തനത്തിന് കൂടുതൽ സംവിധാനം ഏർപ്പെടുന്നതുന്നതാണ്. വനിതാ പോലീസുകാർക്കായി പ്രത്യേക പരിശീലന പരിപാടി ആവിഷ്കരിച്ചിട്ടില്ല. പൊതുവിൽ എല്ലാ പോലീസ് സ്റ്റേഷനുകളുടെയും സൗകര്യം വർദ്ധിപ്പിക്കുകയാണ്. വനിതാ പോലീസുകാർക്ക് ഡ്യൂട്ടി സംബന്ധമായ പരാതി നൽകുന്നതിന് നിലവിൽ സംവിധാനമുണ്ട്. ഇപ്പോൾ നിയമസഭയിൽ അവതരിപ്പിച്ചിട്ടുള്ള ബിൽ പാസ്സാകുമ്പോൾ പോലീസ് കംപ്ളെയിന്റ് അതോറിറ്റി നിലവിൽ വരികയും അവർക്ക് അതോറിറ്റി മുമ്പാകെ പരാതി

സമർപ്പിക്കുകയും ചെയ്യാം. വനിതാ പോലീസുകാർക്ക് മാനുഷിക പരിഗണന കൊടുക്കുന്നുണ്ട്. ഗർഭിണികളായ വനിതാ പോലീസുകാർക്ക് പാറാവ് ഡ്യൂട്ടി നിർവ്വഹിക്കുന്നതുമായി ബന്ധപ്പെട്ട് പരാതിയുണ്ടെങ്കിൽ ഗവൺമെന്റ് ഇടപെടുന്നതാണ്. വനിതാപോലീസുകാരുടെ കാര്യത്തിൽ പ്രത്യേകമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടെന്നും ഡിസംബർ മാസംവരെയുള്ള വനിതാ പോലീസുകാരുടെ ഒഴിവുകൾ കണക്കാക്കി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും എല്ലാ ഒഴിവുകളും നികത്തുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

45(*187) <u>ഫയർഫോഴ്സിന്റെ ആധുനികവൽക്കരണം</u>

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, കേരള ഫയർഫോഴ്സ് സുസജ്ജവും സുശക്തവുമാക്കുന്നതിനായി കേരള ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് ജീവനക്കാർക്ക് വിദഗ്ദ്ധ പരിശീലനം നൽകി. അവരെ കൂടുതൽ പ്രവർത്തനസജ്ജരാക്കുന്നതിനായി തൃശ്ശൂർ ജില്ലയിലെ വിയ്യൂരിൽ 620 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് ട്രെയിനിംഗ് അക്കാഡമി 04.06.2007-ൽ ഉദ്ഘാടനം ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ആധുനിക രക്ഷാ ഉപകരണമായ 50 ചെയിൻ സാകൾ 24.75 ലക്ഷം രൂപ ചെലവിൽ വാങ്ങുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. കേരള ഫയർഫോഴ്സ് ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി അടുത്ത നാലുവർഷത്തിനകം വാങ്ങുവാൻ ഉദ്ദേശിക്കുന്ന

ആധുനിക ഉപകരണങ്ങൾക്കും വാഹനങ്ങൾക്കുമായി 92.39 കോടി രൂപയുടെ ഒരു പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ടി പദ്ധതിക്ക് അനുമതി ലഭ്യമാക്കി നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാരുമായി നിരന്തരം ബന്ധപ്പെട്ടുവരുന്നു. സംസ്ഥാന ഫയർഫോഴ്സ് റൂൾസ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് കരട് ചട്ടങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്. ഫയർഫോഴ്സിൽ 1048 ഫയർമെൻ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു. പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുകയും പി.എസ്.സി. 972 ഉദ്യോഗാർത്ഥികൾക്ക് നിയമന ഉപദേശം നൽകുകയും ചെയ്തിട്ടുണ്ട്. ടി ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിനുള്ള നടപടികൾ ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് കമാൻഡന്റ് ജനറൽ കൈക്കൊണ്ടുവരികയാണ്. അപകടത്തിൽപ്പെടുന്നവരെ സംരക്ഷിക്കുന്നതിന് ഹെലികോപ്ടർ ഉപയോഗിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. ആധുനിക സംവിധാനങ്ങൾ ഈ സേനയ്ക്ക് ആവശ്യമാണെന്ന് ഗവൺമെന്റ് കരുതുന്നു. ഡിസാസ്റ്റർ മാനേജുമെന്റ് സംവിധാനത്തിൽ ഉൾപ്പെടുത്തി ഹെലികോപ്റ്റർ വാങ്ങാൻ തീരുമാനിച്ചിട്ടുണ്ടെന്ന് ഒരുപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

## രേഖാമൂലം നൽകിയ ഉത്തരങ്ങൾ

46 (*200) <u>സ്വകാര്യ ഡിറ്റക്ടീവ് ഏജൻസികൾ</u>

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്ത് തിരുവനന്തപുരം, കോട്ടയം, കൊച്ചി സിറ്റി, കോഴിക്കോട് എന്നിവിടങ്ങളിലായി ഏഴ് സ്വകാര്യ ഡിറ്റക്ടീവ് ഏജൻസികൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നറിയിച്ചു.

47 (*202) <u>കർഷക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം</u>

കൃഷി വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, കർഷക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ടെന്നറിയിച്ചു. വയനാട്, ഇടുക്കി ജില്ലകളുടെ റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്. കാസർഗോഡ്, ആലപ്പുഴ ജില്ലകളിൽ കഴിഞ്ഞ മാസം കമ്മീഷൻ സിറ്റിംഗ് നടത്തുകയും കർഷകരിൽനിന്നും മറ്റ് ബന്ധപ്പെട്ടവരിൽനിന്നും തെളിവുകൾ ശേഖരിക്കുകയും ചെയ്തിട്ടുണ്ട്. പാലക്കാട്, കണ്ണൂർ, കോഴിക്കോട് തുടങ്ങിയ ജില്ലകളിലെ തെളിവെടുപ്പിനായുള്ള സിറ്റിംഗുകൾ ഒക്ടോബർ മാസത്തിൽ നടത്തുവാൻ കമ്മീഷൻ നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ കടാശ്വാസത്തിനായുള്ള കർഷകരുടെ അപേക്ഷകൾ പരിഗണിച്ച് കടാശ്വാസം നിശ്ചയിക്കുന്നതിനുള്ള സിറ്റിംഗുകൾ കമ്മീഷൻ 4-9-07-ൽ സുൽത്താൻബത്തേരിയിൽ(വയനാട്) ആരംഭിച്ചിട്ടുണ്ട്. ഇത്തരം സിറ്റിംഗുകൾ സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിൽവച്ച് നടത്തുന്നതിന് ഈ വർഷം ഡിസംബർ വരെയുള്ള തീയതികളും കമ്മീഷൻ നിശ്ചയിച്ച് കഴിഞ്ഞു. അതുപോലെ ജപ്തി ഭീഷണി നേരിടുന്ന കർഷകർക്ക് താൽക്കാലിക ആശ്വാസമെന്ന നിലയ്ക്ക് ജപ്തി നടപടികൾ സ്റ്റേ ചെയ്തുകൊണ്ടുള്ള ഇടക്കാല ഉത്തരവുകളും കമ്മീഷൻ പുറപ്പെടുവിക്കുന്നുണ്ട്.

48 (*203) <u>ഇ-കൃഷി സമ്പ്രദായം</u>

കൃഷി വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, ഇ-കൃഷി എന്ന കാർഷിക സമ്പ്രദായം 2007 മാർച്ചിൽ മലപ്പുറം ജില്ലയിൽ ആരംഭിച്ചിട്ടുണ്ടെന്നറിയിച്ചു. കൊല്ലം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ,

കാസർഗോഡ് ജില്ലകളിൽക്കൂടി വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ**

46 (1219) <u>തീരദേശ പോലീസ് സ്റ്റേഷനുകൾ</u>

കേരളത്തിൽ അംഗീകാരം ലഭിച്ചിട്ടുള്ള 8 തീരദേശ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

47 (1221) <u>തലസ്ഥാനത്ത് കൂടുതൽ ട്രാഫിക് പോലീസിന്റെ സേവനം</u>

തലസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ഗതാഗത തിരക്കിനനുസരിച്ച് കൂടുതൽ ട്രാഫിക് പോലീസിന്റെ സേവനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. അപകടങ്ങൾ ഒഴിവാക്കുന്നതിലേയ്ക്കായി ട്രാഫിക് നിയമങ്ങൾ കർശനമായി പാലിക്കണമെന്ന നിർദ്ദേശം ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും നൽകിയിട്ടുണ്ട്. കൂടാതെ 'ആക്സിഡന്റ് റിഡക്ഷൻ ആക്ഷൻ പ്ളാൻ' എന്ന പേരിൽ സമഗ്രമായ ഒരു പ്രവർത്തന പരിപാടി സർക്കാർ തലത്തിൽ ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നു. ട്രാഫിക് നിയമങ്ങളെക്കുറിച്ച് പൊതുജനങ്ങളെ കൂടുതൽ ബോധവൽക്കരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

48 (1253) <u>പോലീസ് സ്റ്റേഷനുകളിൽ റിസപ്ഷൻ കൗണ്ടർ</u>

പൊതുജനങ്ങൾക്ക് പോലീസ് സ്റ്റേഷനുകളിൽ ഭയം കൂടാതെ കടന്നുചെല്ലുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. പൊതുജനങ്ങൾ പരാതിയുമായി വരുമ്പോൾ പരാതികൾ സ്വീകരിച്ച് രസീത് നൽകി വരുന്നുണ്ട്. പരാതിക്കാർക്ക് ഇരിക്കാൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

പരാതിക്കാരോടും മറ്റും മാന്യമായി പെരുമാറുന്നതിന് എല്ലാ സേനാംഗങ്ങൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സ്ത്രീകൾക്കും കുട്ടികൾക്കും ഭയലേശമെന്യേ സ്റ്റേഷനിൽ കടന്നു ചെല്ലുന്നതിനായി വനിതാ പോലീസിനെ ഉപയോഗപ്പെടുത്തി 'വനിതാ ഡെസ്ക്ക്' പ്രവർത്തിച്ചുവരുന്നു. എല്ലാ പോലീസ് സ്റ്റേഷനുകളിലും വനിതാ ഡെസ്ക്കോ റിസപ്ഷൻ കൗണ്ടറോ ഏർപ്പെടുത്തിയിട്ടുണ്ട്.

49 (1286) <u>കെ.ടി.ഡി.സി.യുടെ വികസനം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.ടി.ഡി.സി.യുടെ വികസനവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട് :

കേരളസർക്കാർ ഉടമസ്ഥതയിൽ ചെന്നൈയിൽ ഉള്ള 55 സെന്റ് സ്ഥലത്ത് കേരള ഹൗസ് എന്ന പേരിൽ ഒരു ഹോട്ടൽ സമുച്ചയത്തിന്റെ ശിലാസ്ഥാപനം നടത്തിയിട്ടുണ്ട്.

മണ്ണാർക്കാട്, ഗുരുവായൂർ എന്നിവിടങ്ങളിലെ യാത്രി നിവാസുകളുടെ പ്രവർത്തനം പുനരാരംഭിച്ചു.

തിരുനെല്ലി, കാലടി, കൊണ്ടോട്ടി എന്നിവിടങ്ങളിലെ യാത്രി നിവാസുകളുടേയും പൊൻമുടിയിലെ കോട്ടേജുകളുടേയും പ്രവർത്തനം ഉടൻ ആരംഭിക്കുന്നതിനുള്ള നടപടികൾ എടുത്തു.

മുഴിപ്പിലങ്ങാട് റിസോർട്ട് തുടങ്ങുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

വികസനപ്രവർത്തനങ്ങളുടെ ഫലമായി 2006-07 സാമ്പത്തിക വർഷം കെ.ടി.ഡി.സി.ക്ക് മൊത്ത വരുമാനത്തിൽ 7.81 കോടി രൂപയുടെ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. കെ.ടി.ഡി.സി.യിൽ നടപ്പാക്കിയ പ്രവർത്തനങ്ങളുടെ ഫലമായി ഹോട്ടലുകളിൽ താമസിക്കുന്നവരുടെ എണ്ണവും വർദ്ധിച്ചിട്ടുണ്ട്.

50 (1329) <u>തൊഴിൽ അന്വേഷകരുടെ എണ്ണം</u>

30-6-2007-ലെ കണക്കനുസരിച്ച് സംസ്ഥാനത്തെ എംപ്ളോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 4046822 തൊഴിലന്വേഷകരുണ്ട്.

51 (1346) <u>സംസ്ഥാനത്തെ ബിവറേജസ് കോർപ്പറേഷന്റെ വിറ്റുവരവ്</u>

കേരളത്തിലെ ബിവറേജസ് കോർപ്പറേഷന് 2006-ൽ മദ്യം വിറ്റവകയിൽ 3143.42 കോടി രൂപ ലഭിച്ചു.

52 (1351) <u>കള്ളുഷാപ്പുകൾ</u>

കേരളത്തിൽ 4632 കള്ളുഷാപ്പുകൾ പ്രവർത്തിച്ചിരുന്ന സ്ഥാനത്ത് 2007-08 അബ്കാരി വർഷം 1610 ഷാപ്പുകൾകൂടി പ്രവർത്തിപ്പിക്കാൻ ഗവണ്മെന്റ് നയപരമായി തീരുമാനിച്ചിട്ടുണ്ട്.